## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.676 12.06.2013- ൽ മറുപടിയ്ക്ക്

### അവയവദാനത്തിന് വിപുലമായ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. കെ. ബഷീർ:** | | ശ്രീ. വി. എസ്. ശിവകുമാർ<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് അവയവ ദാനത്തിന് നിലവിലുള്ള സർക്കാർ സംവിധാനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ അവയവദാന നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിനായി 'മൃതസഞ്ജീവനി' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അവയവം ആവശ്യമുള്ള-വരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്. അംഗീകൃത ആശുപത്രികൾ വഴി ഇതിൽ വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. അംഗീകൃത ആശുപത്രികൾക്ക് മസ്തിഷ്ക മരണം സംഭവിച്ച, അവയവദാനത്തിന് താല്പര്യമുള്ള വ്യക്തികളുടെ വിവരങ്ങളും ഈ വെബ്സൈറ്റിൽ ചേർക്കാവുന്നതാണ്. മുൻഗണനാ ക്രമമനുസരിച്ച് ആവശ്യക്കാരായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയ സൗകര്യമുള്ള സർക്കാർ ആശുപത്രികളുടെ വിവരം വെളിപ്പെടുത്തുമോ ; | (ബി) | തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയക്കുള്ള സൗകര്യം ലഭ്യമാണ്. |
| (സി) അവയവദാനവും അവയവ മാറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിയ്ക്കുന്ന കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | അവയവമാറ്റവുമായി ബന്ധപ്പെട്ട പ്രത്യേക പ്രശ്നങ്ങളൊന്നും നിലവിലില്ല. വേണ്ടത്ര അവയവങ്ങൾ ലഭിക്കുന്നില്ലെന്നതാണ് മുഖ്യ പ്രശ്നം. മസ്തിഷ്ക മരണം സംഭവിച്ചവരുടെ ബന്ധുക്കൾ സ്വമനസ്സാലെ മുന്നോട്ട് വന്നാൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമാവൂ. ഇതിനായി സമൂഹത്തെ ബോധവൽക്കരിക്കേണ്ടതുണ്ട്. അതിനായുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ